روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

# വിശ്വാസിയുടെ അടയാളങ്ങൾ (02)

01/09/2023

sufaraulislam.com

بسم الله الرحمن الرحيم

- വിശ്വാസികളുടെ അടയാളങ്ങളായ നാലു കാര്യങ്ങളാണ് ചർച്ച ചെയ്യുന്നത്.

❖ **നാലു കാര്യങ്ങൾ നമ്മിലുണ്ടായാൽ നാം വിശ്വാസിയാണ്.**

| | | |
|---|---|---|
| الأُولَى :العِلْمُ، وَهُوَ :مَعْرِفَةُ اللَّهِ، وَمَعْرِفَةُ نَبِيِّهِ، وَمَعْرِفَةُ دِينِ الإِسْلَامِ بِالأَدِلَّةِ. | | |
| الثَّانِيَةُ: العَمَلُ بِهِ. | الثَّالِثَةُ: الدَّعْوَةُ إِلَيْهِ. | الرَّابِعَةُ: الصَّبْرُ عَلَى الأَذَى فِيهِ. |

**അല്ലാഹുവിനെക്കുറിച്ചുള്ള അറിവ്.**

- ആരാണ് റബ്ബ്
- എന്തിനാണ് റബ്ബിനെക്കുറിച്ചുള്ള അറിവു നേടുന്നത്.
- റബ്ബിനെക്കുറിച്ചുള്ള അറിവ് നമുക്ക് സമ്മാനിക്കുന്ന ഏതാനും നേട്ടങ്ങൾ

**മുഹമ്മദ് നബി (സ്വ) അറിയണം.**

- നബി (സ്വ) അറിയാത്തവന് വിശ്വാസിയാകാൻ സാധ്യമല്ല.

**ശഹാദത്തു കലിമയിലെ രണ്ടാമത്തെ ഭാഗം.**

عَنِ ابْنِ عُمَرَ رضى الله عنهما قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم: بُنِيَ الإِسْلاَمُ عَلَى خَمْسٍ شَهَادَةِ أَنْ لاَ إِلَهَ إِلاَّ اللَّهُ وَأَنَّ مُحَمَّدًا رَسُولُ اللَّهِ، وَإِقَامِ الصَّلاَةِ، وَإِيتَاءِ الزَّكَاةِ، وَالْحَجِّ، وَصَوْمِ رَمَضَانَ

ഇബ്നു ഉമർ (റ) വിൽ നിന്ന് നിവേദനം. നബി ﷺ പറഞ്ഞു: ഇസ്‌ലാം അഞ്ച് കാര്യങ്ങളിൽ സ്ഥാപിതമാണ്. 'ലാ ഇലാഹ ഇല്ലല്ലാഹ്', മുഹമ്മദുൻ റസൂലുല്ലാഹ്' എന്നീ വാക്യങ്ങൾക്ക് സാക്ഷ്യം വഹിക്കുക, നമസ്കാരം നിലനിർത്തുക, സകാത്ത് നൽകുക, ഹജ്ജ് നിർവഹിക്കുക, റമദാനിൽ നോമ്പ് നോൽക്കുക, എന്നിവയാണവ. (ബുഖാരി: മുസ്ലിം)

**വിശ്വസിക്കാത്തവർക്ക് നരകം**

وَمَن لَّمْ يُؤْمِن بِاللَّهِ وَرَسُولِهِ فَإِنَّا أَعْتَدْنَا لِلْكَافِرِينَ سَعِيرًا ﴿١٣/٤٨﴾

**വിശ്വസിക്കുന്നവർക്കും അനുസരിച്ചവർക്കും സ്വർഗം**

وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ فَقَدْ فَازَ فَوْزًا عَظِيمًا

**ശൈഖ് ഉസൈമീൻ رحمه الله പറഞ്ഞു :**

يجب أن يحرص الطلبة على معرفة سيرة نبي صلى الله عليه وسلم لأن سيرة تزيد الإيمان و تزيد الانسان محبة للرسول الله صلى الله عليه وسلم ( شرح العمدة العثيمين )

ഇൽമിന്റെ വിദ്യാർത്ഥികൾ നബി ﷺ യുടെ ജീവിതചരിത്രം പഠിക്കുവാൻ ആവേശം കാണിക്കേണ്ടത് നിർബന്ധമാണ്. എന്തെന്നാൽ നബി ﷺ യുടെ ജീവിത ചരിത്രം പഠിപ്പിക്കുന്നത് ഈമാൻ വർദ്ധിപ്പിക്കും അതു പോലെ തന്നെ അത് ഒരു മനുഷ്യന് നബി ﷺ യോടുള്ള സ്നേഹവും വർദ്ധിപ്പിക്കും.

## എന്താണ് മുഹമ്മദ് നബി (സ്വ) അംഗീകരിക്കുന്നവരുടെ ബാധ്യതകൾ

നബി (സ്വ) മനസ്സിലാക്കി, അംഗീകരിച്ചു എന്നെല്ലാം പറഞ്ഞാൽ എന്താണ് അതു കൊണ്ട് അർത്ഥമാക്കുന്നത്.

### 1. നബിﷺ കൽപിച്ച കാര്യങ്ങൾ അനുസരിക്കുക.

وَمَآ أَرۡسَلۡنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذۡنِ ٱللَّهِ

عَنْ أَبِي هُرَيْرَةَ رضى الله عنه أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ: مَنْ أَطَاعَنِي فَقَدْ أَطَاعَ اللَّهَ، وَمَنْ عَصَانِي فَقَدْ عَصَى اللَّهَ

അബൂഹുറൈറ (റ) വിൽ നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ആരെങ്കിലും എന്നെ അനുസരിച്ചാൽ അവൻ അല്ലാഹുവിനെ അനുസരിച്ചു. ആരെങ്കിലും എന്നോട് അനുസരണക്കേട് കാണിച്ചാൽ അവൻ അല്ലാഹുവിനെയാണ് ധിക്കരിച്ചത്. (ബുഖാരി)

❖ **ഉദാഹരണങ്ങൾ**

A. നിർബന്ധ നമസ്കാരങ്ങൾ
B. സകാത്ത് നൽകൽ
C. സാധിക്കുന്നവർ ഹജ്ജ് ചെയ്യൽ
D. സത്യം മാത്രമേ പറയാവൂ.

❖ **നിർബന്ധ കാര്യങ്ങൾക്ക് പുറമെ സുന്നത്തായ കാര്യങ്ങളിലും നബി (സ്വ) യെ അനുസരിക്കാൻ വിശ്വാസികൾ തയ്യാറാവണം.**

**A. വെള്ളിയാഴ്ച ദിവസം മറ്റുള്ള ദിവസങ്ങളേക്കാൾ പ്രാർത്ഥനകൾ വർദ്ധിപ്പിക്കേണ്ടതാണ്.**

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم ذَكَرَ يَوْمَ الْجُمُعَةِ فَقَالَ فِيهِ سَاعَةٌ لاَ يُوَافِقُهَا عَبْدٌ مُسْلِمٌ، وَهْوَ قَائِمٌ يُصَلِّي، يَسْأَلُ اللَّهَ تَعَالَى شَيْئًا إِلاَّ أَعْطَاهُ إِيَّاهُ وَأَشَارَ بِيَدِهِ يُقَلِّلُهَا

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: നബി ﷺ വെള്ളിയാഴ്ച ദിവസത്തെ സംബന്ധിച്ച് പ്രശംസിച്ച് പറയുകയുണ്ടായി. ഈ ദിവസത്തിൽ ഒരു സമയമുണ്ട്. തന്റെ ആവശ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ച് നമസ്കരിച്ചുകൊണ്ടിരിക്കെ മുസ്‌ലിമായ ഒരടിമ ആ സമയം പ്രാർത്ഥിച്ചാൽ അവന്റെ ആവശ്യം അല്ലാഹു നിറവേറ്റി കൊടുക്കുക തന്നെ ചെയ്യും. അത് വളരെ കുറഞ്ഞ സമയമാണെന്ന് നബി (സ്വ) കൈകൊണ്ട് ആംഗ്യം കാണിച്ചു. (ബുഖാരി)

**ഒന്ന്: ഇമാം മിമ്പറിൽ ഇരുന്നതു മുതൽ ജുമുഅ നമസ്കാരം കഴിയുന്നതു വരേക്കുമുള്ള സമയം.**

**രണ്ട്: വെള്ളിയാഴ്ച അസ്വറിന് ശേഷം മഗ്രിബ് വരെയുള്ള സമയം. (സാദുൽ മആദ്)**

**B. സ്വലാത്ത് വർദ്ധിപ്പിക്കുക**

അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുന്നതിനുള്ള വഴിയാണ് നബി ﷺ യുടെ പേരിൽ സ്വലാത്ത് ചൊല്ലുകയെന്നത്.

عَنْ أَبِي هُرَيْرَةَ أَنَّ رَسُولَ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ مَنْ صَلَّى عَلَيَّ وَاحِدَةً صَلَّى اللَّهُ عَلَيْهِ عَشْرًا

അബൂ ഹുറൈറയിൽ(റ) നിന്ന് നിവേദനം:നബി ﷺ പറഞ്ഞു: വല്ലവനും എന്റെ പേരിൽ ഒരു സ്വലാത്ത് ചൊല്ലിയാൽ അല്ലാഹു അവനുവേണ്ടി പത്ത് സ്വലാ ത്ത് ചൊല്ലുന്നതാണ്. ( മുസ്ലിം)

**അല്ലാഹു അവനു വേണ്ടി പത്ത് സ്വലാത്ത് ചൊല്ലുന്നതാണെന്ന് പറഞ്ഞാൽ അവനെ അനുഗ്രഹിക്കുമെന്നാണ്.**

വെള്ളിയാഴ്ച ദിവസം നബി ﷺ യുടെ പേരിൽ പ്രത്യകം സ്വലാത്ത് ചൊല്ലാൻ നബി ﷺ നിർദ്ദേശിച്ചിട്ടുണ്ട്.

عَنْ شَدَّادِ بْنِ أَوْسٍ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : إِنَّ مِنْ أَفْضَلِ أَيَّامِكُمْ يَوْمَ الْجُمُعَةِ، فِيهِ خُلِقَ آدَمُ، وَفِيهِ النَّفْخَةُ، وَفِيهِ الصَّعْقَةُ، فَأَكْثِرُوا عَلَيَّ مِنَ الصَّلَاةِ فِيهِ، فَإِنَّ صَلَاتَكُمْ مَعْرُوضَةٌ عَلَيَّ.

ശദാദ് ബ്നു ഔസ് (റ) വിൽ നിന്ന് നിവേദനം:നബി ﷺ പറഞ്ഞു: നിങ്ങളുടെ ദിനങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് ജുമുഅ ദിനമാണ്. ആദം (അ) പടക്കപ്പെട്ടത് അതിലാണ്. കാഹളത്തിൽ ഊതപ്പെടുന്നതും ഭയാനക ശബ്ദമുണ്ടാവുന്നതും അതിലായിരിക്കും. **അതിനാൽ പ്രസ്തുത ദിനത്തിൽ നിങ്ങൾ എന്റെ പേരിൽ സ്വലാത്ത് വർധിപ്പിക്കുക.** നിങ്ങളുടെ സ്വലാത്തുകൾ എനിക്ക് പ്രദർശിപ്പിക്കപ്പെടും. (അബൂ ദാവൂദ്)

**2. നബിﷺ അറിയിച്ചുതന്ന കാര്യങ്ങൾ സത്യപ്പെടുത്തുക.**

وَمَا يَنطِقُ عَنِ ٱلْهَوَىٰٓ ﴿٣﴾ إِنْ هُوَ إِلَّا وَحْىٌ يُوحَىٰ ﴿٤﴾

- നബി ﷺ പറയുന്ന എല്ലാ കാര്യങ്ങളും സംശയലേശമന്യേ അതേപടി വിശ്വസിക്കുകയും സത്യപ്പെടുത്തുകയും ചെയ്യുന്നവരായിരുന്നു സ്വഹാബികൾ.
- അബൂബക്കർ (റ) വിന് സ്വിദ്ദീഖ് (സത്യസന്ധൻ) എന്ന പേര് ലഭിച്ചതു തന്നെ അദ്ദേഹത്തിന് ഇക്കാര്യത്തിൽ ഏറ്റവും ദൃഢതയുള്ളതു കൊണ്ടായിരുന്നു.

**A. ഒട്ടകം നബി (സ്വ) യോട് പരാതി പറഞ്ഞു.**

**B. ഈന്തപ്പനയുടെ മിമ്പർ കരഞ്ഞു.**

**C. ചന്ദ്രൻ പിളർന്നു.**

اقْتَرَبَتِ السّاعَةُ وانشَقَّ القَمَرُ (القمر ١)

ആ (അന്ത്യ) സമയം അടുത്തു. ചന്ദ്രൻ പിളരുകയും ചെയ്തു.

ഈ ആയത്തിന്റെ തഫ്സീറിൽ ഇമാം ഇബ്നുകഥീർ പറഞ്ഞു: നിശ്ചയം ഇത് അല്ലാഹുവിന്റെ റസൂലിന്റെ കാലത്തായിരുന്നു.

സ്വഹീഹായ സനദുകളുള്ള മുതവാതിറായ ഹദീഥുകൾ ഈ വിഷയത്തിൽ വന്നിട്ടുണ്ട്. അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) വിൽ നിന്നും..

بَيْنَمَا نَحْنُ مَعَ رَسُولِ اللَّهِ بِمِنًى إِذَا انْفَلَقَ الْقَمَرُ فِلْقَتَيْنِ فَكَانَتْ فِلْقَةٌ وَرَاءَ الْجَبَلِ وَفِلْقَةٌ دُونَهُ فَقَالَ لَنَا رَسُولُ اللَّهِ اشْهَدُوا

ഞങ്ങൾ മിനായിൽ അല്ലാഹുവിന്റെ റസൂലിനോടൊപ്പമായിരിക്കെ ചന്ദ്രൻ രണ്ടായി പിളർന്നു. അപ്പോൾ അതിൽ ഒരു ഭാഗം മിനാ കുന്നിന് പിറകിലും മറ്റേ ഭാഗം അതിന് മുന്നിലുമായിരുന്നു. അന്നേരം അല്ലാഹുവിന്റെ റസൂൽ (സ്വ) ഞങ്ങളോട് പറഞ്ഞു: (നിങ്ങൾ സാക്ഷികളാവുക.) (ബുഖാരി, മുസ്ലിം)

- മദീനയിലേക്കുള്ള പലായനത്തിന്റെ ഉദ്ദേശം അഞ്ചു വർഷം മുമ്പ് ഒരു പൗർണമി രാവിലാണ് നബി തിരുമേനി (സ) തന്റെ ചുറ്റുമുണ്ടായിരുന്നവർക്ക് ചന്ദ്രൻ പിളർന്നു മാറുന്നത് കാണിച്ചുകൊടുത്തത്

**3. നബിﷺ വിലക്കുകയും തടയുകയും ചെയ്ത കാര്യങ്ങൾ വെടിയുക.**

وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانتَهُوا وَاتَّقُوا اللَّهَ إِنَّ اللَّهَ شَدِيدُ الْعِقَابِ ﴿٧/٥٩﴾

**D. പലിശ.**

**E. കളവ് പറയരുത്.**

**F. അയൽവാസിയെ ദ്രോഹിക്കരുത്.**

**4. നബിﷺ ഇബാദത്തായി പഠിപ്പിച്ച കാര്യങ്ങൾ കൊണ്ട് മാത്രം അല്ലാ ഹുവിനെ ആരാധിക്കുക.**

وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ

**ബിദ്അത്തുകൾ നാം മതത്തിലേക്ക് കൊണ്ടു വരരുത്.**

**A. നമസ്കാര ശേഷമുള്ള കൂട്ടു പ്രാർത്ഥന.**

**B. മയ്യിത്തിന്റെ സമീപത്തു വെച്ചുള്ള ക്വുർആൻ പാരായണം.**

**C. സുബ്ഹി നമസ്കാരത്തിൽ മാത്രമുള്ള ഖുനൂത്വ്.**

**നബി (സ്വ) ഈ പറഞ്ഞ രീതിയിൽ അറിയാൻ ശ്രമിക്കുക.**

- മുഹമ്മദ് നബി (സ്വ) സ്വയം  അറിയുക എന്നും മറ്റുള്ളവർക്ക് അറിയിച്ചു കൊടുക്കുക എന്നതും വിശ്വാസികളുടെ കടമയാണ്.

- നബി (സ്വ) ആളുകൾ തെറ്റിദ്ധരിക്കാനുള്ള കാരണം അദ്ദേഹത്തെക്കുറിച്ച് അറിയത്തു കൊണ്ടാണ്.

**A. ഭൃത്യൻ പറഞ്ഞ സാക്ഷ്യം.**

عَنْ أَنَسٍ رضى الله عنه قَالَ خَدَمْتُ النَّبِيَّ صلى الله عليه وسلم عَشْرَ سِنِينَ، فَمَا قَالَ لِي أُفٍّ. وَلاَ لِمَ صَنَعْتَ وَلاَ أَلاَّ صَنَعْتَ

അനസിൽ(റ) നിന്ന് നിവേദനം: അദ്ധേഹം പറഞ്ഞു: ഞാൻ നബി(ﷺ)ക്ക് പത്ത് വർഷം സേവനം ചെയ്തു. അതിനിടക്ക് ഒരിക്കൽ പോലും അദ്ധേഹം എന്നോട് 'ഛെ!' എന്നോ, നീ എന്തിന് ഇങ്ങനെ ചെയ്തു, നിനക്ക് ഇങ്ങനെ ചെയ്യാമായിരുന്നില്ലേ എന്നോ പറഞ്ഞിട്ടില്ല. (ബുഖാരി)

**B. ഒരിക്കലും അടിച്ചിരുന്നില്ല**

عَنْ عَائِشَةَ، قَالَتْ مَا ضَرَبَ رَسُولُ اللَّهِ صلى الله عليه وسلم خَادِمًا لَهُ وَلاَ امْرَأَةً وَلاَ ضَرَبَ بِيَدِهِ شَيْئًا .

ആയിശയിൽ(റ) നിന്ന് നിവേദനം: അവർ പറഞ്ഞു: നബി(ﷺ) തന്റെ ഭൃത്യരെയോ ഭാര്യമാരെയോ ഒരിക്കലും അടിച്ചിരുന്നില്ല, തന്റെ കൈ കൊണ്ട് അവിടുന്ന് ആരെയും അടിച്ചിരുന്നില്ല. (ഇബ്നുമാജ:)

**C. വല്ലതും ചോദിച്ചാൽ ഇല്ലാ എന്ന പറയില്ല.**

عَنْ جَابِرٍ رضى الله عنه قَالَ مَا سُئِلَ النَّبِيُّ صلى الله عليه وسلم عَنْ شَىْءٍ قَطُّ فَقَالَ لاَ.

ജാബിറിൽ(റ) നിന്ന് നിവേദനം: നബി(ﷺ)യോട് എന്തെങ്കിലും സാധനം ആവശ്യപ്പെട്ടിട്ട് "ഇല്ല" എന്ന് അവിടുന്ന് പറഞ്ഞിട്ടില്ല. (ബുഖാരി)

**D. ഭാര്യമാരെ സഹായിക്കും**

عَنِ الأَسْوَدِ، قَالَ سَأَلْتُ عَائِشَةَ مَا كَانَ النَّبِيُّ صلى الله عليه وسلم يَصْنَعُ فِي بَيْتِهِ قَالَتْ كَانَ يَكُونُ فِي مِهْنَةِ أَهْلِهِ تَعْنِي خِدْمَةَ أَهْلِهِ فَإِذَا حَضَرَتِ الصَّلاَةُ خَرَجَ إِلَى الصَّلاَةِ

അസ്'വദിൽ(റ) നിന്ന് നിവേദനം: ഞാൻ ആയിശയോട്(റ) ചോദിച്ചു: നബി (ﷺ) തന്റെ വീട്ടിൽ എന്തെല്ലാമാണ് പ്രവർത്തിച്ചിരുന്നത്? ആയിശ(റ) പറഞ്ഞു: നബി

(ﷺ) തന്റെ പത്നിമാരുടെ ജോലികളിൽ സഹായിക്കുമായിരുന്നു. നമസ്കാ രത്തിന്റെ സമയമായാൽ നമസ്കാരത്തിന് പുറപ്പെടും. (ബുഖാരി)

**E. സംസാര രംഗത്തെ നബി (സ്വ)**

عَنْ عَائِشَةَ، أَنَّهَا قَالَتْ ، إِنَّ رَسُولَ اللَّهِ صلى الله عليه وسلم لَمْ يَكُنْ يَسْرُدُ الْحَدِيثَ كَسَرْدِكُمْ

ആയിശ (റ) പറയുന്നു: നബി ﷺ പറഞ്ഞു: നിങ്ങളെപ്പോലെ നിർത്താതെ തുരുതു രാ സംസാരിക്കുന്ന സ്വഭാവക്കാരനായിരുന്നില്ല നബി ﷺ (ബുഖാരി)

عَنْ عَائِشَةَ، رَحِمَهَا اللَّهُ قَالَتْ كَانَ كَلاَمُ رَسُولِ اللَّهِ صلى الله عليه وسلم كَلاَمًا فَصْلاً يَفْهَمُهُ كُلُّ مَنْ سَمِعَهُ .

നബി ﷺ യുടെ സംസാരം, ശ്രോതാക്കൾക്ക് മുഴു വൻ ഗ്രാഹ്യമാകും വിധം സ്ഫുടവും വ്യക്തവുമായ വചനങ്ങളായിരുന്നു. (അബൂദാവൂദ്:)

**F. ആഹാരത്തെ ആക്ഷേപിക്കില്ല**

عَنْ أَبِي هُرَيْرَةَ، قَالَ مَا عَابَ النَّبِيُّ صلى الله عليه وسلم طَعَامًا قَطُّ، إِنِ اشْتَهَاهُ أَكَلَهُ، وَإِنْ كَرِهَهُ تَرَكَهُ.

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി(ﷺ) ഒരു ആഹാരത്തേയും ആ ക്ഷേപിക്കാറില്ല. ആഗ്രഹമുണ്ടെങ്കിൽ അവിടുന്ന് അതു ഭക്ഷിക്കും. ആഗ്രഹമില്ലെ ങ്കിൽ ഉപേക്ഷിക്കും. (ബുഖാരി)

**ഈ നബി (സ്വ) യെ നാം പഠിക്കുക, അറിയുക.**

**തുടരും. ഇൻഷാ അള്ളാഹ്**

---

- റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേ ശങ്ങളും അറിയിക്കുക.
- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+966581416662) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്തു വാട്സാപ്പ് മെസേജ് അയക്കുക.
- മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.